**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2912** **13-10-2021 - ൽ മറുപടിയ്ക്ക്**

**വെങ്കിടങ്ങ് ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് സ്ഥലം വിട്ടുകിട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കുണ്ടഴിയൂർ വില്ലേജിലെ ബി.റ്റി.ആർ. പ്രകാരവും പുറമ്പോക്ക് രജിസ്റ്റർ പ്രകാരവും 148/4B എന്ന സർവ്വേ നമ്പരിൽപ്പെട്ട ഇരുപത്തിയഞ്ച് സെന്റ് സ്ഥലം ഏകദേശം ഇരുപത്തിയഞ്ച് വർഷം മുമ്പുവരെ പ്രവർത്തിച്ചിരുന്ന ഫിഷറീസ് സ്കൂളിന്റേതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സ്ഥലം വെങ്കിടങ്ങ് ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനായി വിട്ടുകിട്ടുന്നതിന് മണലൂർ എം.എൽ.എ.യുടെ ശിപാർശയോടുകൂടി പ്രസ്തുത സംഘത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ, എറണാകുളം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലത്ത് 90 വർഷം മുൻപ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാൻ വേണ്ടി സ്കൂൾ സ്ഥാപിച്ചിരുന്നുവെന്നും ടി സ്കൂൾ ഫിഷറീസ് സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നതെങ്കിലും ഇപ്പോൾ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലല്ലായെന്നും, സ്കൂളിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭ്യമല്ലായെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ, എറണാകുളം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലത്ത് 90 വർഷം മുൻപ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാൻ വേണ്ടി സ്കൂൾ സ്ഥാപിച്ചിരുന്നുവെന്നും ടി സ്കൂൾ ഫിഷറീസ് സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നതെങ്കിലും ഇപ്പോൾ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലല്ലായെന്നും, സ്കൂളിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ |

| | | | |
|---|---|---|---|
| | | | ഒന്നും തന്നെ ലഭ്യമല്ലായെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് പരിശോധിച്ച റിപ്പോർട്ട് നൽകുവാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരി-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ